"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നഗരസഭാ സെക്രട്ടറിമാർക്കായി കിലയുടെ നേതൃത്വത്തിൽ നടത്തിയ പരിശീലനത്തിനായി ചെലവായ തുക കെ.എസ്.ഡബ്ല്യൂ.എം.പി. സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.976/2025/LSGD തീയതി,തിരുവനന്തപുരം, 16-04-2025

---

പരാമർശം:- (1) തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് 24.08.2023-ന് നടത്തിയ വകുപ്പ് / ഏജൻസി മേധാവികളുടെ ഓൺലൈൻ യോഗത്തിന്റെ നടപടിക്കുറിപ്പ്.

(2) കെ.എസ്.ഡബ്ല്യൂ.എം.പി. പ്രൊജക്ട് ഡയറക്ടറുടെ 18.12.2023-ലെ 1868/2023/KSWMP നമ്പർ കത്ത്.

**ഉത്തരവ്**

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി, 2023 ഒക്ടോബർ 30, 31 തീയതികളിൽ നഗരസഭാ സെക്രട്ടറിമാർക്കായി കിലയുടെ നേതൃത്വത്തിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരുന്നതായും, ആയതിന്റെ ഭാഗമായി 28,55,205/- രൂപ ചിലവായതായും കില ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും, പരിശീലനത്തിനായി ചെലവായ 28,55,205/- രൂപ കെ.എസ്.ഡബ്ല്യൂ.എം.പി. പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനും, കിലക്ക് അനുവദിക്കുന്നതിനുമുള്ള അനുവാദം നൽകണമെന്ന് കെ.എസ്.ഡബ്ല്യൂ.എം.പി. പ്രൊജക്ട് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 ഒക്ടോബർ 30, 31 തീയതികളിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നഗരസഭ സെക്രട്ടറിമാർക്കായി കിലയുടെ നേതൃത്വത്തിൽ നടത്തിയ പരിശീലനത്തിനായി ചെലവായ 28,55,205/- രൂപ, കെ.എസ്.ഡബ്ല്യൂ.എം.പി. പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനും ടി തുക കിലയ്ക്ക് നൽകുന്നതിനും അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
ഡയറക്ടർ ജനറൽ, കില.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ക്യാമ്പയിൻ സെക്രട്ടേറിയറ്റ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 19-04-2025 11:06:37
സെക്ഷൻ ഓഫീസർ

പകർപ്പ് :-തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്